"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് - SPCA (Society for Prevention and Cruelty to Animals) നിന്നും പ്യൂൺ തസ്തികയിൽ വിരമിച്ച ശ്രീ സുരേഷ് കുമാറിന് 2025-26 വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1576/2026/LSGD തീയതി,തിരുവനന്തപുരം, 21-08-2026

---

പരാമർശം:-

1. 09/09/2015 ലെ GO(MS) No.276/2015/LSGD നമ്പർ ഉത്തരവ്
2. സ.ഉ.(സാധാ) നം.1235/2025/LSGD, തീയതി, 20.05.2025
3. ശ്രീ. വി സുരേഷ് കുമാറിന്റെ 06.02.2026 ലെ അപേക്ഷ
4. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14.05.2026 ലെ 4133478-2026 നമ്പർ കത്ത്
5. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറകടറുടെ 22/6/2026 ലെ LSGD /PD/6957/2026/PH2 നമ്പർ കത്ത്
6. GO.(Rt).No. 6025/2026/ധന , തീയതി, 25.07.2026

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള SPCA (Society for Prevention and Cruelty to Animals) നിന്നും പ്യൂൺ തസ്തികയിൽ വിരമിച്ച ശ്രീ വി. സുരേഷ് കുമാറിന് 2024-2025 വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് പരാമർശം (2) പ്രകാരം അനുവദിച്ച് നൽകിയിരുന്നു. 2025-26 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിച്ച് നൽകുന്നതിനായി 2025-2026 വർഷത്തെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് സഹിതം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേയ്ക്ക് പരാമർശം (4) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. SPCA യിൽ നിന്നും പ്യൂൺ തസ്തികയിൽ വിരമിച്ച ശ്രീ സുരേഷ് കുമാറിന് പരാമർശം (1) ഉത്തരവ് പ്രകാരം എക്സ്ഗ്രേഷ്യാ അലവൻസിന് അർഹതയുള്ളതിനാൽ 2025-26 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ തുകയായ 97,200/- രൂപ ( തൊണ്ണൂറ്റി ഏഴായിരത്തി ഇരുന്നൂറ് രൂപ മാത്രം)2403-00-196-50 (NP) (Block Grants for Revenue expenditure) എന്ന ശീർഷകത്തിൽ പരാമർശം (6) പ്രകാരം additional authorization മുഖേന വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) കൂടാതെ, additional authorization വഴി അനുവദിച്ച ടി തുക നടപ്പ് സാമ്പത്തിക വർഷത്തിൽ (2026-27) തന്നെ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ക്രമീകരിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട കൺട്രോളിങ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 21-08-2026
16:22:03

സെക്ഷൻ ഓഫീസർ

പകർപ്പ്

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

2.ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

3.സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

4. വി. സുരേഷ് കുമാർ, എസ്.പി.സി.എ (പ്യൂൺ)(Rtd), (ജില്ലാ പഞ്ചായത്ത് മുഖേന)

5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

6. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

7.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി

8. കരുതൽ ഫയൽ (ഡി.ബി3/48/2026/എൽ.എസ്.ജി.ഡി)